"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - തൃശ്ശൂർ ജില്ലയിലെ മുകുന്ദപുരം താലൂക്കിൽ എടത്തിരിഞ്ഞി വില്ലേജ് ഓഫീസ് നിലവിൽ പ്രവർത്തിച്ചു വരുന്ന കെട്ടിടത്തിന് സ്പെഷ്യൽ റെന്റ് നിർണ്ണയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.69/2026/RD തീയതി,തിരുവനന്തപുരം, 11-01-2026

---

പരാമർശം:-

1. 07.08.2017 തീയതിയിലെ സ.ഉ.(പി)നം.102/2017/ധന നമ്പർ സർക്കാർ ഉത്തരവ്.
2. 10.01.2022 തീയതിയിലെ സ.ഉ.(എം.എസ്)നം.1/2022/ പൊമവ നമ്പർ സർക്കാർ ഉത്തരവ്.
3. ലാൻഡ് റവന്യൂ കമ്മീഷണറുടെ 02.11.2025 തീയതിയിലെ എൽ.ആർ/5225/2025-എൽആർ(ജി7) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തൃശ്ശൂർ ജില്ലയിലെ മുകുന്ദപുരം താലൂക്കിലെ എടതിരിഞ്ഞി വില്ലേജ് ഓഫീസ് സ്മാർട്ട് വില്ലേജ് ഓഫീസ് ആക്കി മാറ്റുന്നതുമായി ബന്ധപ്പെട്ട് 01-01-2024 മുതൽ ശ്രീമതി. സി.കെ.മേരി ഗ്രേസ്, തെക്കിനിയേടത്ത് അങ്കമാലി വീട്, എടത്തിരിഞ്ഞി പി ഓ, പിൻ-680 122 എന്നവരുടെ ഉടമസ്ഥതയിലുള്ള പടിയൂർ ഗ്രാമപഞ്ചായത്തിലെ രണ്ടാം വാർഡിലെ 381-ാം നമ്പർ വാടക കെട്ടിടത്തിൽ പ്രവർത്തിച്ചു വരുകയാണ്.

2] എടത്തിരിഞ്ഞി വില്ലേജ് ഓഫീസ് നിലവിൽ പ്രവർത്തിച്ചു വരുന്ന കെട്ടിടത്തിന്റെ അനുവദനീയമായ കാർപ്പറ്റ് ഏരിയ 59.67 ന് അനുസൃതമായ വാടക 01/01/2024 മുതൽ പ്രതിമാസം 5,000/- രൂപയാണെന്നും അനുവദനീയമായ കാർപ്പറ്റ് ഏരിയയിൽ വാടക കെട്ടിടങ്ങൾ സമീപപ്രദേശങ്ങളിൽ ലഭ്യമല്ലാത്തത് കൊണ്ടും, എടത്തിരിഞ്ഞി സെന്ററിൽ ഉയർന്ന വാടക നിരക്കുള്ള കെട്ടിടങ്ങൾ മാത്രം ലഭ്യമായ സാഹചര്യത്തിൽ, പി.ഡബ്ല്യു.ഡി റോഡ് സൗകര്യമുള്ള ഈ കെട്ടിടം കുറഞ്ഞ നിരക്കിൽ ലഭിക്കുമെന്നതിനാലാണ് ഇത് തിരഞ്ഞെടുത്തതെന്നും, എടത്തിരിഞ്ഞി വില്ലേജാഫീസ് പ്രവർത്തിച്ചു വരുന്ന കെട്ടിടത്തിന് 01.01.2024 മുതൽ ഒക്യൂപൈഡ് കാർപ്പെറ്റ് ഏരിയ അനുസൃതമായിട്ടുള്ള വാടകയായ 5,000/- രൂപ നിർണ്ണയിച്ചു നൽകണമെന്ന്, റെന്റ് സർട്ടിഫിക്കറ്റിനോടൊപ്പം മറ്റ് അനുബന്ധരേഖകളും സഹിതം ലാൻഡ് റവന്യൂ കമ്മീഷണർ പരാമർശത്തിലെ കത്ത് പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി. പ്രസ്തുത വില്ലേജ് ഓഫീസിന്റെ അനുവദനീയമായ കാർപ്പറ്റ് ഏരിയ 44.86 ച.മീറ്റർ ആണെന്ന് പൊതുമരാമത്ത് അസിസ്റ്റന്റ് എഞ്ചിനീയർ നിർണ്ണയിച്ചിട്ടുള്ളതുമാണ്.

3] സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം 2-ലെ സർക്കാർ ഉത്തരവിലെ

വ്യവസ്ഥകൾക്ക് വിധേയമായി, തൃശ്ശൂർ ജില്ലയിലെ മുകുന്ദപുരം താലൂക്കിൽ എടത്തിരിഞ്ഞി വില്ലേജ് ഓഫീസ് 01/01/2024 മുതൽ പ്രവർത്തിച്ചു വരുന്ന കെട്ടിടത്തിന്റെ ഒക്യൂപൈഡ് കാർപ്പെറ്റ് ഏരിയയായ 59.67 ച.മീറ്ററിന് ആനുപാതികമായി 5,000/- രൂപ (അയ്യായിരം രൂപ) സ്പെഷ്യൽ റെന്റ് ആയി നിർണ്ണയിച്ച് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റ്റി ആർ ജയപാൽ
അഡിഷണൽ സെക്രട്ടറി

കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം
ജില്ലാ കളക്ടർ, തൃശ്ശൂർ
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
പൊതുമരാമത്ത് വകുപ്പ്
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sheeba V R
Date: 12-01-2026 13:04:59
സെക്ഷൻ ഓഫീസർ